## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :487 — 26.04.2017 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീമതി.അയിഷാ പോറ്റി<br>ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽശക്തികേന്ദ്രീകൃതമായ പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ യാൺബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനായി സബ്സിഡിയും മാർജ്ജിൻമണി വായ്പയും നൽകുന്ന പദ്ധതി, കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി, നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായ പദ്ധതി, കൈത്തറി ഗ്രാമവും സമഗ്രകൈത്തറി ഗ്രാമവും പദ്ധതി, അംശദാനസമ്പാദ്യപദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണ പദ്ധതി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന പദ്ധതി, പരിശീലനം നൈപുണ്യം ശേഷിവികസന പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം, ഹാന്റെക്സ് ഹാന്റ് വീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം എന്നിവ നടപ്പാക്കിവരുന്നു.<br>കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി |

ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/ പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ്പ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു.

കയർമേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, പ്രത്യേക നിക്ഷേപ സഹായ പദ്ധതി, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, കയർപിരി/ ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) കഠിനമായ തൊഴിൽ സാഹചര്യവും പരിതാപകരമായ വേതന ഘടനയുമെന്ന നിലവിലെ സ്ഥിതി മെച്ചപ്പെടുത്താനായി എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് | (ബി) പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം ലഭ്യമാക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി, |

| | |
|---|---|
| നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | ഉൽപ്പാദന വർദ്ധനവിനനുസരിച്ച് പ്രൊഡക്ഷൻ ഇൻസെന്റീവ് , ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇൻഷ്വറൻസ് പരിരക്ഷ, വീടിനോടു ചേർന്ന് പണിപ്പുര സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം, സ്കൂൾതലത്തിൽ പഠിക്കുന്ന നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.<br>കരകൗശല മേഖലയിലെ തൊഴിലാളികളുടെ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ കുറവും ഉൽപാദനക്ഷമത കുറവും, ആധുനിക സാങ്കേതിക വിദ്യയുടെ അഭാവവും, മെച്ചപ്പെട്ട പണിയായുധങ്ങളുടെ അഭാവം എന്നിവ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കരകൗശല മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുവാൻ കുടുംബാംഗങ്ങൾക്ക് അനുബന്ധ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകി സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിൽസാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ മേഖലയിലെ പൊതുമേഖലസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേനെ സാമൂഹ്യ യന്ത്രവത്കൃത പനമ്പുനെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, മിനിമം വേജസ് പദ്ധതി/ ഡി.എ ആനുകൂല്യം എന്നിവ നടപ്പിലാക്കി വരുന്നു.<br>ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ചർക്കകളുടേയും തറികളുടേയും ആധുനികവത്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലൂടെ ഉൽപാദന ക്ഷമതയും വേതനവർദ്ധനവും കൈവരിക്കുവാൻ കഴിയുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലയിൽ മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ട്.<br>കയർമേഖലയിൽ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി സംഭരിക്കുന്നതിനും ചെറുകിട ഉൽപാദകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലനൽകി |

സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തൊഴിലാളികളെ പുറന്തള്ളാത്ത വിധത്തിലുള്ള ആധുനികവത്കരണവും യന്ത്രവത്കരണവും വഴി അധ്വാനം ലഘൂകരിക്കുന്നിതനോടൊപ്പം ഉല്പാദനക്ഷമത വർദ്ധനവും സാമ്പത്തിക നേട്ടവും പ്രാപ്യമാക്കാൻ പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

(സി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് അവരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനായി ഉചിതമായ തോതിൽ യന്ത്രവത്കരണം നടത്തുന്നതിനും പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും അവരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ